# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 3307 — 21-12-2012-ൽ മറുപടിക്ക്

## നഗരവികസനത്തിന് മാസ്റ്റർ പ്ലാൻ

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ. എം.വി.ശ്രേയാംസ് കുമാർ** | **ശ്രീ.മഞ്ഞളാംകുഴി അലി**<br>(നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് നഗര വികസനത്തിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. സംസ്ഥാനത്തെ നഗരപ്രദേശങ്ങൾക്ക് മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നതിനായി മുനിസിപ്പാലിറ്റികൾക്ക് ഡെവലപ്മെന്റ് പ്ലാനുകളും വിശദ നഗരാസൂത്രണ പദ്ധതികളും തയ്യാറാക്കുന്ന ഒരു പദ്ധതി സർക്കാർ നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. ഈ പദ്ധതിയുടെ ഭാഗമായി ആദ്യ ഘട്ടത്തിൽ സംസ്ഥാനത്തെ 32 നഗരങ്ങൾക്ക് ഡെവലപ്മെന്റ് പ്ലാനുകൾ തയ്യാറാക്കുന്നതിന് ലക്ഷ്യമിട്ടിരുന്നു. ഇതിൽ പരവൂർ (കൊല്ലം ജില്ല), ചങ്ങനാശ്ശേരി, വൈക്കം, തലശ്ശേരി എന്നീ നഗരസഭകളുടെ മാസ്റ്റർ പ്ലാനുകൾ അംഗീകരിക്കുകയും മലപ്പുറം, കാസർഗോഡ്, പാലാ, പത്തനംതിട്ട, ഗുരുവായൂർ, കണ്ണൂർ, തൃശ്ശൂർ, കൊല്ലം എന്നീ നഗരസഭകളുടെ കരട് മാസ്റ്റർ പ്ലാൻ പ്രസിദ്ധീകരിച്ചിട്ടുമുണ്ട്. അടൂർ നഗരസഭയുടെ കരട് മാസ്റ്റർ പ്ലാനിന് പ്രസിദ്ധീകരണാനുമതി നൽകിയിട്ടുണ്ട്. ബാക്കി 19 നഗരസഭകളുടെ മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു. സംസ്ഥാനത്തെ മറ്റ് നഗരങ്ങൾക്ക് കൂടി മാസ്റ്റർ പ്ലാൻ തയ്യാറാക്കുക എന്ന ലക്ഷ്യത്തോടെ പദ്ധതിയുടെ രണ്ടാം ഘട്ടവും ആരംഭിച്ചിട്ടുണ്ട്. |
| (ബി) നഗര വികസനം ലക്ഷ്യം വച്ച് നിക്ഷേപക സൗഹൃദ സംഗമങ്ങൾ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) ഉദ്ദേശിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | നഗരവികസനത്തിന് സഹായകരമായ വിധത്തിൽ ഏതെല്ലാം പദ്ധതികൾക്കാണ് പ്രാധാന്യം നൽകുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | അടിസ്ഥാന സൗകര്യ വികസനം, സാമ്പത്തിക അടിത്തറ മെച്ചപ്പെടുത്തൽ, മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങൾ ലഭ്യമാക്കൽ എന്നിവയ്ക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പദ്ധതികൾക്കാണ് പ്രാധാന്യം നൽകുന്നത്. |

സെക്ഷൻ ഓഫീസർ